ഭരണഭാഷ-മാതൃഭാഷ

നമ്പർ : DTETVM/8331/2024-ED1

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
തീയതി : 08-10-2026

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം - പരിത്യാഗം/താൽപ്പര്യ പത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 06.10.2026 ലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ DTETVM/6184/2026-EG4 നമ്പർ സംസ്ഥാന തല അന്തിമ സീനിയോറിറ്റി പട്ടിക
2) 07.12.1991 ലെ സ.ഉ (പി) നം. 39/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
3) 16.03.2023 ലെ സ.ഉ.(അച്ചടി) നം. 4/2023/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
4) 07.08.2025 ലെ സ.ഉ.(അച്ചടി) നം. 12/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ ക്ലാർക്ക് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനുള്ള വായന (1) പ്രകാരമുള്ള സംസ്ഥാന തല അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ, ക്ലാർക്ക് തസ്തികയിൽ നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് തസ്തിക മാറ്റ നിയമനത്തിന് അർഹത നേടിയ ക്രമ നമ്പർ **250** വരെയുള്ള **MOP പാസ്സായ ജീവനക്കാർ** ടി തസ്തിക മാറ്റ നിയമനം സ്ഥിരം/താൽക്കാലികമായി പരിത്യജിക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ ആയതിനുള്ള അപേക്ഷ സൂചന (2) സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന നിശ്ചിത മാതൃകയിലും, തസ്തികമാറ്റ നിയമനം മുഖേന ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നേടാൻ ആഗ്രഹിക്കുന്ന MOP പാസ്സായ ജീവനക്കാർ ചുവടെയുള്ള മാതൃകയിൽ സമ്മതപത്രവും സ്ഥാപനമേധാവി മുഖേന **09.10.2026 തീയതി 4 മണിക്ക്** മുൻപായി ഇ-മെയിൽ / ഇ-ഓഫീസ് മുഖേന സമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

| ക്രമ നം | സൂചന സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, പെൻ നമ്പർ, സ്ഥാപനം | MOP പാസ്സായ വിവരം (സർട്ടിഫിക്കറ്റ് നം, തീയതി) | തസ്തിക മാറ്റ നിയമനം നേടുന്നതിന് സമ്മതമാണോ | എന്തെങ്കിലും അച്ചടക്ക നടപടികൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത വിവരം |
|---|---|---|---|---|---|
| | | | | | |

തസ്തിക നിയമനത്തിന് താൽപ്പര്യമുള്ള MOP പാസ്സായ ജീവനക്കാരുടെ സമ്മത പത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. സമ്മത പത്രം സമർപ്പിക്കാത്ത ജീവനക്കാരെ നിയമനത്തിനായി പരിഗണിക്കുന്നതല്ല.
നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്നതോ ഭാഗികമായതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
തസ്തികമാറ്റ നിയമനം നേരത്തെ പരിത്യജിച്ചിട്ടുള്ളവരിൽ MOP പാസായവരുണ്ടെങ്കിൽ താൽപ്പര്യമുള്ള പക്ഷം ഈ സർക്കുലർ പ്രകാരം വീണ്ടും അപേക്ഷിക്കാവുന്നതാണ്.
സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെട്ടു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരുടെ പരാതിയ്ക്ക് സ്ഥാപന മേധാവി ഉത്തരവാദി ആയിരിക്കുന്നതാണ്.
ജീവനക്കാരുടെ അപേക്ഷയും അനുബന്ധരേഖകളും യഥാസമയം അവരിൽ നിന്നും വാങ്ങി ആയത് പരിശോധിച്ച് ശരിയെന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതും എല്ലാ അപേക്ഷകളും ഒരുമിച്ച് ഇ-

ഓഫീസ് / ഇ-മെയിൽ (edsectiondte@gmail.com) മുഖേന അയച്ച തരേണ്ടതുമാണ്.
മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചതിന് ശേഷം പ്രസ്തുത തസ്തികമാറ്റ നിയമനം പരിത്യജിക്കുവാൻ സാധിക്കുന്നതല്ല.

Digitally signed by
Sumesh Kumar C
Date: 08-10-2026
15:40:29

SUMESH KUMAR.C
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1) ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും ( www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന)

2) ഇ-ഓഫീസ് കരുതൽ ഫയൽ